**Day 50 of 90 days** ✝✝✝ **14th December 2017**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ലഭിച്ചിരിക്കുന്ന ധനത്തിൽ സംതൃപ്താരായിരിക്കുന്ന ധനവന്മാർ ഉണ്ടോ? വീണ്ടും നേടുവനാണ് അവർ ആഗ്രഹിക്കുന്നത്, ശ്രമിക്കുന്നത്. ബാഹ്യമായ, ലോകപ്രകാരമുള്ള സൗകര്യങ്ങളിൽ സംതൃപ്തരായിരിക്കുന്ന ആരെങ്കിലും ഉണ്ടോ? ആഗ്രഹിക്കുന്ന ഒന്നു ലഭിക്കുമ്പോൾ, മറ്റൊന്നുകൂടെ ലഭിക്കണമെന്ന ചിന്തയാണ് സാധാരണയായി ഉണ്ടാകുന്നത്. വലിയ വിജയം കരസ്ഥമാക്കുകയും അനേക കാര്യങ്ങൾ നേടുകയും ചെയ്തിട്ടുള്ള അനേകരും തങ്ങളുടെ മരണസമയത്ത്, തങ്ങൾ ആഗ്രഹിച്ചതെല്ലാം നേടിയില്ല എന്നു വിലപിക്കുന്നത് സാധാരണമാണ്. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ യേശു ശമര്യക്കാരി സ്ത്രീയോട് സംസാരിക്കുമ്പോൾ 'ഈ വെള്ളം കുടിക്കുന്നവന് പിന്നെയും ദാഹിക്കും' എന്നാണ്. ഇത് ഏററവും അധികം അർത്ഥവ്യാപ്തിയുള്ള ഒരു പ്രസ്താവനയാണ്. ഈ ലോകമാകുന്ന കിണററിൽ നിന്നും ലഭിക്കുന്നത് എത്രമാത്രമായിരുന്നാലും അത് കുടിക്കുന്നവർക്കെല്ലാം, അത് വീണ്ടും ലഭിക്കണമെന്ന ദാഹം ഉണ്ടായിക്കൊണ്ടിരിക്കുകയേയുള്ളു.

ലോകത്തിന്റെ ധനം ലഭിക്കുന്നവന്, പിന്നെയും ധനം വേണമെന്ന ദാഹം, ലോകത്തിന്റെ അധികാരം ലഭിക്കുന്നവന്, പിന്നെയും അധികാരം വേണമെന്ന ദാഹം, ലോകപ്രതാപം അധികാരം ലഭിക്കുന്നവന്, അത് പിന്നെയും വേണമെന്ന ദാഹം, ജഢിക സുഖഭോഗങ്ങളിൽ രസിക്കുന്നവർക്ക്, അത് അധികമായി വേണമെന്ന ദാഹം, അങ്ങനെ ഓരോന്നു ചിന്തിച്ചാൽ, ലോകപ്രകാരമുള്ള എന്തും അതിനുള്ള ദാഹം വർദ്ധിപ്പിക്കുകയേയുള്ളു. എന്നാൽ യേശു നൽകുന്നത്, നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയാണ്. അത് നേടിയെടുക്കുവാൻ നാം ശ്രമിക്കേണം. യഥാർത്ഥ അനുഭവത്തിലേക്ക് നാം കടന്നു ചിന്തിച്ചാൽ, നമ്മുടെ നല്ല ഇടയനായ യേശു, നമുക്ക് എന്തെങ്കിലും നൽകുകയല്ല, തന്നേത്തന്നെ നമുക്ക് നൽകിയിരിക്കുകയാണ്. യേശുവിനെ ലഭിച്ചവർ തികച്ചും സംതൃപ്തരാണ്. ലോകപ്രകാരം നമുക്ക് പല കുറവുണ്ടായിരിക്കും. ഒരു പക്ഷെ, പലതും നമുക്ക് ഇല്ലെന്നുതന്നെയിരിക്കും. എന്നാലും നാം സംതൃപ്തരാണ്. തികച്ചും സന്തോഷവരാണ്. എത്ര വലിയ അനുഭവമാണിത്. അനുഭവിക്കുന്നവർക്കു മാത്രമേ അതിന്റെ മാധുര്യം അറിയുവാൻ കഴിയുകയുള്ളു. യേശു ഉണ്ടെങ്കിൽ എല്ലാം ഉണ്ട്. യേശു ഇല്ലെങ്കിൽ ഒന്നിലും തൃപ്തരാകുവാൻ കഴിയുകയില്ല. അതുകൊണ്ടാണ്, ലോകത്തിലെ വെള്ളിയും പൊന്നും മുഴുവൻ ലഭിക്കുന്നതിനേക്കാളും ഏററവും വലിയ സമ്പത്തു ലഭിക്കുന്നതിനേക്കാളും യേശുവിനെ മതിയെന്നു അനേകർ പാടിയത്. അതുകൊണ്ടാണ്, ലോകം മുഴുവൻ എടുത്തുകൊള്ളുക, എന്നിട്ട് യേശുവിനെ തരികയെന്നും പലരും പറഞ്ഞിട്ടുള്ളത്.

തുടരും....